# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2048

15.07.2011- ൽ
മറുപടിയ്ക്ക്

## സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.വി. ശ്രേയാംസ് കുമാർ | | ശ്രീ. പി.കെ.അബ്ദുറബ്ബ് (ബഹു. വിദ്യാഭ്യാസവകുപ്പ്മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്താൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) | സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളെയും മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചുവരുന്നു. |
| (ബി) | രാജ്യത്തെ പ്രമുഖ സ്ഥാപനങ്ങളിലെ പ്രഗത്ഭരായ സാങ്കേതിക വിദഗ്ദ്ധരുമായി വിദ്യാർത്ഥികൾക്കും ഫാക്കൽറ്റികൾക്കും സംവദിക്കാൻ അവസരമൊരുക്കുന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ ; | (ബി) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻ കീഴിൽ വരുന്ന എഞ്ചിനീയറിംഗ് കോളേജ്, പോളിടെക്നിക് എന്നിവയിലെ വിദ്യാർത്ഥികൾക്ക് ഇന്ത്യയിലും വിദേശത്തുമുള്ള പ്രഗത്ഭരായ സാങ്കേതിക വിദഗ്ദ്ധരുമായി സംവദിക്കാൻ അവസരം ലഭിക്കുന്ന വിസിറ്റിംഗ് ഫാക്കൽറ്റി സ്കീം നിലവിലുണ്ട്. സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് ഐ.ഐ.റ്റികൾ, ഐ.ഐ.എസ്.സികൾ എന്നിവയിലെ പ്രഗത്ഭരായ ഫാക്കൽറ്റികളോടും, ഐ.എസ്.ആർ.ഒ, ഡി.ആർ.ഡി.ഒ തുടങ്ങിയ റിസർച്ച് സ്ഥാപനങ്ങളിലെ ഗവേഷകരോടും മുൻനിര വ്യവസായ |

സ്ഥാപനങ്ങളിലെ എക്സിക്യൂട്ടീവ്
കളോടും സംവദിക്കുന്നതിനും
അവരുടെ ക്ലാസ്സുകൾ അറ്റന്റ്
ചെയ്യുന്നതിനും സാങ്കേതിക
വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ
കുറവുകൾ പരിഹരിക്കുന്നതിനും,
പ്രഗത്ഭരായ സാങ്കേതിക
വിദഗ്ദ്ധരുടെയും ഫാക്കൽറ്റികളു
ടെയും സേവനം വിപുലീകരിക്കു
ന്നതിനും ഈ പദ്ധതി കൊണ്ട്
സാദ്ധ്യമാവുന്നു.
കൂടാതെ എഞ്ചിനീയറിംഗ്
കോളേജുകളിലെ വിദ്യാർത്ഥി
കൾക്ക് സിലബസ് പ്രകാരമുള്ള
വിഷയങ്ങൾ കൈകാര്യം
ചെയ്യുന്നതിലേയ്ക്കായി വിദഗ്ദ്ധ
അദ്ധ്യാപകരുടെ സേവനം
ലഭ്യമാക്കുന്നതിലേയ്ക്കായി
Adjunct faculty Scheme എന്ന
പദ്ധതിയും ആവിഷ്കരിച്ചു
വരുന്നു.

**സെക്ഷൻ ഓഫീസർ**